**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2168      13.06.2019- ൽ മറുപടിയ്ക്ക്

## സ്വകാര്യ മേഖലയിലുള്ള അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി.

ചോദ്യം      മറുപടി

ശ്രീ.വി.കെ.സി.മമ്മത് കോയ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സ്വകാര്യ മേഖലയിലുള്ള പ്രസ്ഥാനങ്ങളും വ്യക്തികളും നടത്തുന്ന അനാഥാലയങ്ങളെ സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ; ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങളുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ സംബന്ധിച്ച് കണക്കുകൾ സൂക്ഷിക്കുന്നുണ്ട്. 1920 ക്ഷേമ സ്ഥാപനങ്ങളുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം ചുവടെ കൊടുക്കുന്നു. |

| ജില്ല | എണ്ണം. |
|---|---|
| തിരുവനന്തപുരം | 180 |
| കൊല്ലം | 95 |
| പത്തനംതിട്ട | 94 |
| ആലപ്പുഴ | 78 |
| കോട്ടയം | 195 |
| ഇടുക്കി | 109 |
| എറണാകുളം | 309 |
| തൃശ്ശൂർ | 265 |
| പാലക്കാട് | 134 |
| മലപ്പുറം | 117 |
| കോഴിക്കോട് | 98 |

| | | | |
|---|---|---|---|
| | | | വയനാട് 62<br>കണ്ണൂർ 130<br>കാസർഗോഡ് 54 |
| (ബി) | ഈ സ്ഥാപനങ്ങളിൽ സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് നിയന്ത്രണാധികാരം ഉണ്ടോയെന്നറിയിക്കുമോ; | (ബി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡാണ് അംഗീകാരം നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും. സാമൂഹ്യനീതി വകുപ്പിനും ഓർഫനേജ് കൺട്രോൾ ബോർഡിനുമാണ് നിയന്ത്രണാധികാരം. |
| (സി) | ഇത്തരം സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്താറുണ്ടോ; ക്രമക്കേടുകൾ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഇത്തരം ക്ഷേമസ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്താറില്ല. അംഗീകാരത്തിനും അംഗീകാരം പുതുക്കുന്നതിനുമായി അപേക്ഷ ലഭിക്കുമ്പോൾ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ സ്ഥാപനം സന്ദർശിക്കുകയും പരിശോധന നടത്താറുമുണ്ട്. ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്യുന്നു. ഇത് കൂടാതെ സംസ്ഥാന ആഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥർ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്താറുണ്ട്. പരിശോധനയിൽ ക്രമക്കേടുകൾ ശ്രദ്ധയിൽ-പ്പെട്ടാൽ അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകാറുണ്ട്. |

**സെക്ഷൻ ഓഫീസർ**